## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2076 | 12.02.2013-ൽ മറുപടിയ്ക്ക്

### പാമ്പുകടിയേറ്റവർക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ. ടി. ജലീൽ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) |
| (എ) പാമ്പുകടിയേറ്റ് മരണപ്പെടുന്നവർക്ക് വനം വകുപ്പ് നൽകുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർ, നഷ്ടപരിഹാരം ലഭിക്കുന്നതിനായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ അതാതു പ്രദേശങ്ങളിലെ റെയിഞ്ചാഫീസർ മുഖാന്തിരം ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സംഭവം നടന്ന് 3 (മൂന്ന്) മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ റെയിഞ്ചാഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. വനമേഖലയ്ക്കുള്ളിൽവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 3 ലക്ഷം (മൂന്ന് ലക്ഷം) രൂപയും, വനമേഖലയ്ക്ക് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം (ഒരു ലക്ഷം) രൂപയും നഷ്ടപരിഹാരമായി നൽകി വരുന്നുണ്ട്. |
| (ബി) മലപ്പുറം ജില്ലയിലെ കാലടി പഞ്ചായത്തിൽനിന്നും പാമ്പുകടിയേറ്റ് മരണപ്പെട്ട ആരുടെയെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെതാണെന്ന് വിശദമാക്കുമോ; | (ബി) ആരുടേയും അപേക്ഷ വനം വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (സി) പ്രസ്തുത വ്യക്തിക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ;<br>(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തത്, വ്യക്തമാക്കുമോ ? | (സി) യും (ഡി)യും - ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ